<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2090</u>  <u>17.02.2016-ൽ മറുപടിയ്ക്ക്</u>

# <u>സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനത്തിൽ ഉണ്ടായ വർദ്ധനവ്.</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2015 ഡിസംബർ 31 വരെ സംസ്ഥാനത്ത് വൈദ്യുതി ഉൽപാദനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണ് ;<br><br>(ബി) ഏതെല്ലാം പുതിയ പദ്ധതികളാണ് മേൽ കാലയളവിൽ കമ്മീഷൻ ചെയ്തത് എന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) സ്വകാര്യ മേഖലയിലെ പദ്ധതികൾ ഉൾപ്പെടെ 42.92 മെഗാവാട്ട് ജലവൈദ്യുത പദ്ധതികൾ വഴി അധികമായി കൂട്ടിചേർത്തിട്ടുണ്ട്. അനെർട്ട് വഴി നടപ്പാക്കിയ പദ്ധതികളിലൂടെ 8.863 മെഗാവാട്ടിന്റെ സോളാർ പവർ ഉത്പാദന ശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>കെ.എസ്.ഇ.ബി ലിമിറ്റഡ് വഴി 1.156 മെഗാവാട്ടിന്റെ നാല് സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.<br><br>പതിനായിരം ഓഫ് ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പ്ലാന്റ് പദ്ധതി വഴി 1 കിലോവാട്ട് ശേഷിയുള്ള 8500 പ്ലാന്റുകളും ഇതിനുപുറമേ വിവിധ കെട്ടിടങ്ങളിലായി 363 കിലോവാട്ടിന്റെ സോളാർ പവർ പ്ലാന്റും കമ്മീഷൻ ചെയ്യുകയുണ്ടായി. |
| (സി) മേൽപ്പറഞ്ഞ കാലയളവിൽ ആരംഭിച്ചതും പ്രവൃത്തി നടക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (സി) മേൽപ്പറഞ്ഞ കാലയളവിൽ ആരംഭിച്ചതും പ്രവൃത്തി നടക്കുന്നതുമായ പദ്ധതികൾ താഴെപ്പറയുന്നവയാണ്. |

| | |
|---|---|
| 1. വെള്ളത്തൂവൽ SHEP | 3.6 MW |
| 2. ഭൂതത്താൻകെട്ട് SHEP | 24 MW |
| 3. പെരുന്തേനരുവി SHEP | 6.0 MW |
| 4. പൊരിങ്ങൽകുത്ത് SHEP | 24.0 MW |

കെ. എസ്. ഇ. ബി. ലിമിറ്റഡ് വഴി ആരംഭിച്ചതും പലഘട്ടങ്ങളിലായി നിർമ്മാണം നടന്നു വരുന്നതുമായ Solar/Wind പദ്ധതികളുടെ വിശദാംശം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

പതിനായിരം ഓഫ്ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പദ്ധതിയിൽ 8500 നു മുകളിലുള്ള പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിച്ചുവരുന്നു. 15 മെഗാവാട്ട് ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് പദ്ധതിയിൽ പവർ പ്ലാന്റുകളുടെ നിർമ്മാണ നടപടികൾ പുരോഗമിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് ആരംഭിച്ച യൂട്ടിലിറ്റി വിഭാഗത്തിൽ വരുന്ന 2 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് നിർമ്മാണവും പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്